**സബ്മിഷൻ**

1. കുഴൂർ ജെ.എൻ.ടി.ബി.ജി.ആർ.ഐ.-യുടെ പ്രവർത്തനം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2019 ജനവരി 12-ന് കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ കുഴൂർ പഞ്ചായത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനംചെയ്ത് പ്രവർത്തനം ആരംഭിച്ച Jawaharlal Nehru Tropical Botanic Garden and Research Institute (JNTBGRI)-ന്റെ ഗവേഷണ ഉപകേന്ദ്രം തുടക്കത്തിൽ വിവിധയിനം തഴകൈത ചെടിയുടെ ഉൽപാദനമാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ JNTBGRI ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവം കാരണം ആ വിഷയത്തിന് ഫണ്ട് വകകൊള്ളിക്കാനോ ഗവേഷണ പ്രവർത്തനം തുടർന്നുകൊണ്ടുപോകുന്നതിനോ സാധിച്ചിട്ടില്ല. ലബോറട്ടറിയിൽ ഉൽപാദിപ്പിക്കുന്ന ചെടികൾ പുറത്തിറക്കുന്നതിന് ആവശ്യമായ മിസ്റ്റ് ഹൗസ് പോലും നിർമ്മിക്കാത്തതുകാരണം വിപുലമായ തോതിൽ ചെടികളുടെ ഉൽപാദനം നടക്കുന്നില്ല. സർക്കാരിന്റെ വിവിധ പദ്ധതികൾക്കും മറ്റ് ആഭ്യന്തര ഉപയോഗത്തിനും ആവശ്യകതകളേറെയുള്ള ചെടികൾക്ക് ഓർഡർ ലഭിക്കുന്നുണ്ടെങ്കിലും വിപുലമായ തോതിൽ ഉൽപാദനം നടത്താൻ

കഴിയുന്നില്ല. ഇതുമൂലം ലബോറട്ടറി ഉപയോഗമില്ലാതെയും സ്ഥാപനം നശിച്ചുപോകുന്ന സ്ഥിതിയിലുമാണുള്ളത്. കഴിഞ്ഞ അഞ്ചുമാസമായി ജീവനക്കാർക്ക് ശമ്പളവും ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ശ്രീ. വി. ആർ. സുനിൽ കുമാർ എം.എൽ.എ. സബ്മിഷനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. പരമ്പരാഗത കൈത വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനാണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൊടുങ്ങല്ലൂർ ഉപകേന്ദ്രം ആരംഭിച്ചത്. കൈതച്ചെടികളുടെ വൻതോതിലുള്ള ഉൽപാദനവും ഹരിത വ്യവസായത്തിനാവശ്യമായ കാർഷിക വിളവുകളും അലങ്കാര ചെടികളുടെ ഉൽപാദനവുമാണ് ഇതുവഴി ലക്ഷ്യമിട്ടത്. ഇതിനായി സ്ഥാപിച്ച പ്ലാന്റിന്റെ ടിഷ്യൂക്കൾച്ചർ ലബോറട്ടറിയിൽ വാഴ, കൈത, അലങ്കാര സസ്യങ്ങൾ എന്നിവ ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്.

എന്നാൽ ഉൽപാദനവും വിപണനവും വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുമുണ്ട്. നിലവിലെ പ്രതികൂല സാഹചര്യങ്ങൾ മാറുന്ന മുറയ്ക്ക് ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

2. ഭവന വായ്പ

ശ്രീമതി യു. പ്രതിഭ: സർ, കായംകുളം നഗരസഭ 1998-99, 1999-2000, 2000-2001 വർഷങ്ങളിലായി NSDP (National Slum Development Programme) പദ്ധതി പ്രകാരം 640 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി 23,700 രൂപ വീതം KURDFC (Kerala Urban & Rural Development Finance Corporation Limited)-ൽ നിന്നും CDS(Community Development Society) കരാർ പ്രകാരം 96 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. ഈ തുക 143 രൂപ വീതം 150 ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതായിരുന്നു. നാളിതുവരെ 1,41,19,000/- രൂപ KURDFC-ക്ക് നഗരസഭ തിരിച്ചടച്ചിട്ടുണ്ട്. ഇനിയും 92,25,244/- രൂപ അടയ്ക്കാനുണ്ടെന്ന് KURDFC നഗരസഭയെ അറിയിച്ചിരിക്കുകയാണ്. വളരെ ദരിദ്രരായ ആളുകളാണ് ഈ വായ്പയുടെ ഗുണഭോക്താക്കളായി നഗരസഭയിൽ നിലവിലുള്ളത്. പിന്നീട് വന്നിട്ടുള്ള എല്ലാ ഭവനപദ്ധതികളിലും തുകയൊന്നും

തിരിച്ചടയ്ക്കേണ്ടതായി വന്നിട്ടില്ല. ഇനി അടയ്ക്കാനുള്ള 92,25,244/- രൂപയിൽ, അതിശയകരമായ കാര്യമെന്തന്നാൽ, 29,06,295/- രൂപ മുതലും 52,65,821/- രൂപ പലിശയും 10,53,164/- രൂപ പിഴപലിശയുമാണ്. 204 ഗുണഭോക്താക്കൾ ഇനിയും വായ്പ തിരിച്ചടയ്ക്കാനുണ്ട്. അവർ പലിശയും പിഴപലിശയുമുൾപ്പെടെയുള്ള ഈ തുക അടയ്ക്കാൻ യാതൊരു നിവൃത്തിയുമില്ലാത്തവരാണ് . ആയതിനാൽ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ഗുണഭോക്താക്കൾ ഈടായി നൽകിയിരിക്കുന്ന ഇവരുടെ ആധാരങ്ങൾ തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സബ്മിഷൻ പാവപ്പെട്ടവരെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒന്നാണ്. നഗരങ്ങളിലെ ചേരിനിവാസികളുടെ അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് 1996-ൽ നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ ചേരി വികസന പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിൽ കായംകുളം

നഗരസഭയിലും ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചേരിനിവാസികളായ ഗുണഭോക്താക്കളുടെകൂടി പങ്കാളിത്തത്തോടെ നടപ്പിലാക്കിയ പദ്ധതിയുടെ ഒരു ഘടകമായ ഭവന പുനരധിവാസത്തിന് കായംകുളം നഗരസഭയിലെ ഗുണഭോക്താക്കൾക്ക് നൽകിയ വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ഉന്നയിച്ചത്. വിഷയം ന്യായമാണെന്നും പരിഗണിക്കപ്പെടേണ്ടതാണെന്നും കാണുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കിയ നഗരസഭയുടെകൂടി അഭിപ്രായം പരിഗണിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഭവന വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് കായംകുളം നഗരസഭയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

3. <u>ജനറൽ ആശുപത്രിയുടെ വികസനം</u>

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ചികിത്സാ കേന്ദ്രമാണ് ജനറൽ ആശുപത്രി. അതുമായി ബന്ധപ്പെട്ടാണ് ഞാനിവിടെ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഓരോ ദിവസവും മൂവായിരത്തിലധികം രോഗികൾ ചികിത്സയ്ക്ക് വരുന്ന ഒരു

സ്ഥലമാണിത്. മേജർ, മൈനർ ശസ്ത്രക്രിയകളടക്കം മുപ്പതോളം ശസ്ത്രക്രിയകൾ സ്ഥിരമായി അവിടെ നടക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് 143 കോടി രൂപയുടെ കിഫ്ബി വികസന പദ്ധതികൾ അവിടെ അനുവദിച്ച് അതിന്റെ എ.എസ്. ഉൾപ്പെടെയുള്ളവ ലഭിച്ച് മുന്നോട്ടുപോകുകയാണ്. നിലവിൽ ജനറൽ ആശുപത്രി പരിസരത്തിനകത്ത് നിർമ്മിച്ച മെഡിക്കൽ കോളേജ് കെട്ടിടം ഉപയോഗശൂന്യമായി കിടക്കുകയാണ്. അതിന്റെ മൂന്ന് നിലകൾ ജനറൽ ആശുപത്രിക്ക് വിട്ടുനൽകിയാൽ അവിടെ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കും. ഓപ്പറേഷൻ തീയേറ്റർ ആന്റ് അനസ്തേഷ്യ ടെക്നീഷ്യൻ, ഇ.സി.ജി. ടെക്നീഷ്യൻ, കാത്ത് ലാബ് ടെക്നീഷ്യൻ, എക്കോ ടെക്നീഷ്യൻ, ഡയാലിസിസ് ടെക്നീഷ്യൻ അങ്ങനെ നിരവധി കോഴ്സുകളുണ്ട്. ഡോക്ടർമാരേയും നഴ്സുമാരേയും സൃഷ്ടിക്കുന്ന നിരവധി സ്ഥാപനങ്ങൾ നമ്മുടെ നാട് മുഴുവനുമുണ്ട്, അവരുടെ എണ്ണം കൂടുതലുമാണ്. എന്നാൽ ഇത്തരം അനുബന്ധ തൊഴിലുകൾ പഠിപ്പിക്കുന്ന ഒരു സ്ഥാപനം അവിടെ വരികയാണെങ്കിൽ എല്ലാവർക്കും അത് ഗുണകരമാക്കി മാറ്റാൻ സാധിക്കും. ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ കേരളത്തിലെതന്നെ ഏറ്റവും പഴക്കംചെന്ന ആശുപത്രിയാണ് തിരുവനന്തപുരത്തെ ജനറൽ ആശുപത്രി. തലസ്ഥാനത്ത് ഏറ്റവും കൂടുതൽ ആളുകൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന ഈ ആശുപത്രിയിൽ 749 കിടക്കകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ദിവസം ശരാശരി 3000-ത്തോളം രോഗികൾ ഒ.പി. വിഭാഗത്തിലും 450-ഓളം രോഗികൾ വിവിധ വാർഡുകളിലായി ഇൻപേഷ്യന്റ് വിഭാഗത്തിലും ചികിത്സ തേടുന്നുണ്ട്. ആശുപത്രിയുടെ സമഗ്രമായ വികസനത്തിനായി കിഫ്ബിയിലൂടെ 143.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. Special Purpose Vehile ആയ WAPCOS (Water and Power Consultancy Services (India Limited) തയ്യാറാക്കിയ വിശദ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ 137.28 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. നാല് നിലകളിൽ ട്രോമാ, ഒ.പി. വിഭാഗം, അത്യാഹിത വിഭാഗം, റേഡിയോളജി, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, എമർജൻസി ഓപ്പറേഷൻ തീയേറ്റർ, തീവ്ര പരിചരണ വിഭാഗം, ബ്ലഡ് ബാങ്ക്, ലബോറട്ടറി

വിഭാഗം, ഡേകെയർ കീമോ തെറാപ്പി, ഫാർമസി, വാർഡുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ ഔട്ട് പേഷ്യന്റ് ഡിപ്പാർട്ടുമെന്റ് & ട്രോമാ ബിൽഡിംഗ്, അതുപോലെ ആശുപത്രിയിലെ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള സർവ്വീസ് ബിൽഡിംഗ്, ലോൺട്രി ബിൽഡിംഗ് തുടങ്ങിയ നൂതന സൗകര്യങ്ങളടങ്ങിയതാണ് ഈ പദ്ധതി. സ്ട്രക്ച്ചറൽ ഡിസൈൻ പരിപൂർണ്ണമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവൂയെന്ന നിബന്ധനയിലാണ് ഈ പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയത്. നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിൽ ട്രോമാ കെയർ, ഒ.പി.ഡി. വിഭാഗം, റേഡിയോളജി, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലാബ്, എമർജൻസി തീയേറ്റർ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും മൂന്നാം ഘട്ടത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും നിർമ്മാണം എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് GRIHA Three Stars റേറ്റിംഗ് ലഭിക്കുന്നതിനായി വിശദ പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നപക്ഷം ആയതിന്റെ

വിശദവിവരങ്ങൾ സഹിതം കിഫ്ബിയിൽ സമർപ്പിക്കുവാനും സാമ്പത്തികാനുമതി നൽകിയ ഉത്തരവിൽ കിഫ്ബി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ WAPCOS വിശദ പദ്ധതി രേഖ പുതുക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള കൃത്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ബഹുമാന്യനായ എം.എൽ.എ. ഇതിൽ നിരന്തരമായി ഇടപെടുന്നുണ്ട്. പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല. പക്ഷെ അത് പരിശോധിക്കാവുന്നതാണ്.

## 4. ആർ. ടി. ഓഫീസ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എറണാകുളം ജില്ലയിലെ ഏറ്റവും തിരക്കേറിയ ആർ.ടി. ഓഫീസുകളിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്ന ഓഫീസാണ് പെരുമ്പാവൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്. വളരെയേറെ തിരക്കുള്ള ഈ ഓഫീസ് പെരുമ്പാവൂർ മുൻസിപ്പാലിറ്റിയുടെ പട്ടാലിലുള്ള ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടം ഇടിഞ്ഞുവീഴാറായെന്ന് അതിന്റെ ഓഫീസർതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2018 മുതൽ ഇതിന്റെ ആവശ്യം ഞാൻ സഭയിൽ ഉന്നയിക്കുകയാണ്. ഇവിടത്തെ പരിമിതികൾ മനസ്സിലാക്കി പുതിയൊരു കെട്ടിടം നിർമ്മിക്കേണ്ടത് ഗതാഗത വകുപ്പിന് വളരെ ആവശ്യമാണ്. അതിനുള്ള ഓഫീസ് മന്ദിരം നിർമ്മിക്കണമെങ്കിൽ സ്ഥലത്തിന്റെ ലഭ്യതകൂടി ആവശ്യമാണ്. പെരുമ്പാവൂർ ജലവിഭവ വകുപ്പിന്റെ പെരിയാർ വാലി കനാലുമായി ബന്ധപ്പെട്ട് ഏക്കർ കണക്കിന് സ്ഥലം വെറുതെ കിടക്കുന്നുണ്ട്. പട്ടാലിൽതന്നെ ഇതിനാവശ്യമായ സ്ഥലം ജലവിഭവ വകുപ്പിൽനിന്ന് ഗതാഗത വകുപ്പിന് ലഭ്യമാക്കുകയാണെങ്കിൽ നമുക്ക് അവിടെ ഒരു പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയും. ഡ്രൈവിംഗ് ടെസ്റ്റ് യാർഡ്, ഓഫീസ് മന്ദിരം, റോഡ് സേഫ്റ്റി ഹാൾ, വാഹനം സൂക്ഷിക്കുന്ന യാർഡ് ഇവയൊക്കെ അവിടെ നടപ്പിലാക്കാൻ കഴിയും. എനിക്ക് സൂചിപ്പിക്കാനുള്ളത്, ഗതാഗത വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ചേർന്ന് ഒരു അടിയന്തര മീറ്റിംഗ് വിളിച്ചുകൂട്ടണം. സ്വാഭാവികമായും ഈ സ്ഥലം പെരിയാർ വാലിയിൽനിന്നും വിട്ടുകിട്ടിയാൽ നമുക്ക് അവിടെയൊരു പുതിയ ഓഫീസ് മന്ദിരം നിർമ്മിക്കാം. അതിനാവശ്യമായ ഫണ്ട് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് നൽകാമെന്ന് ഞാൻ ഗതാഗത വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

അതുകൊണ്ട് അടിയന്തരമായി അങ്ങ് ഈ കാര്യത്തിൽ നടപടി സ്വീകരിക്കണം. അവിടെ പെരിയാർ വാലിയുടെ ഏക്കർ കണക്കിന് സ്ഥലം കാട് പിടിച്ചുകിടക്കുന്നു അതിൽനിന്ന് രണ്ട് ഏക്കർ സ്ഥലം, അത് ഗവൺമെന്റ് സ്ഥലംതന്നെയാണ്. അത് ഡിപ്പാർട്ട്മെന്റിന് കിട്ടിക്കഴിഞ്ഞാൽ ഓഫീസ് നിർമ്മിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം ഉന്നയിച്ചത് പെരുമ്പാവൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനെ സംബന്ധിച്ചാണ്. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ആർ.ടി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പെരുമ്പാവൂർ പട്ടാലിലുള്ള പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള പെരുമ്പാവൂർ വില്ലേജിൽ സർവ്വേ നമ്പർ 6-ൽപ്പെട്ട ഒരു ഏക്കർ പത്ത് സെന്റ് സ്ഥലം സംസ്ഥാന മോട്ടോർ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് 2019-ൽ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരെ ജലവിഭവ

വകുപ്പിൽനിന്നും അനുകൂലമായ തീരുമാനമുണ്ടായിട്ടില്ല. എം.എൽ.എ.-യുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സ്ഥലം കൈമാറുന്നതിനായി ജലവിഭവ വകുപ്പിനോട് വീണ്ടും ആവശ്യപ്പെടുന്നതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പെരുമ്പാവൂർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്.